## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2563 — 14.2.2013-ലെ മറുപടിക്ക്

### സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേൺ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. കൃഷ്ണൻ | | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബ ക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാർ, നഴ്സുമാർ, നഴ്സിംഗ് അസിസ്റ്റന്റുമാർ മറ്റു പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | എ) & ബി) | ഓരോ വിഭാഗത്തിലും നിലവിലുള്ള ഒഴിവുകളെ സംബന്ധിച്ച വിവരം തസ്തിക തിരിച്ച് /ആശുപത്രി തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |
| ബി) ഓരോ വിഭാഗത്തിലും ഒഴിവുള്ള തസ്തികകൾ പ്രത്യേകം പ്രത്യേകം ആശുപത്രി തിരിച്ചു വ്യക്തമാക്കുമോ; | | |
| സി) നിലവിലുള്ള ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ; | സി) | അസിസ്റ്റന്റ് സർജൻ. ആർ.എം.ഒ തസ്തികകളിലെ ഒഴിവുകൾക്ക് പി.എസ്.സി യിൽ നിന്നും നിയമന നിർദ്ദേശം ലഭിച്ചിട്ടുണ്ട്. 23.2.2013 -ൽ നടക്കുന്ന കൗൺസിലിംഗ് മുഖാന്തിരം ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| ഡി) ഒഴിഞ്ഞു കിടക്കുന്നതടക്കമുള്ള തസ്തികകൾ തന്നെ അപര്യാപ്തമായതിനാൽ, സ്റ്റാഫ് പാറ്റേൺ പുതുക്കി നിർണ്ണയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? | ഡി) | അധിക തസ്തികകൾ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

| നം. | തസ്തിക | മാനസികാരോഗ്യ കേന്ദ്രം തിരുവനന്തപുരം | മാനസികാരോഗ്യ കേന്ദ്രം തൃശ്ശൂർ | മാനസികാരോഗ്യ കേന്ദ്രം കോഴിക്കോട് |
|---|---|---|---|---|
| 1. | അസിസ്റ്റന്റ് സർജൻ | 3 | 2 | 2 |
| 2. | ആർ.എം.ഒ | - | 1 | 1 |
| 3. | ഹെഡ് നഴ്സ് | 6 | - | - |
| 4. | സ്റ്റോർ സൂപ്രണ്ട് | - | 1 | - |
| 5. | നഴ്സിംഗ് ഓഫീസർ | 1 | - | - |
| 6. | നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് -1 | 1 | - | - |
| 7. | നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-2 | 1 | - | - |
| 8. | നഴ്സിംഗ് അസിസ്റ്റന്റ് | - | - | 4 |
| 9. | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -1 | 3 | 4 | - |
| 10. | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് - 2 | 7 | - | 2 |

സെക്ഷൻ ഓഫീസർ.